കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.ksad.kerala.gov.in

# തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-2019

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ**

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി8-400/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
ആലപ്പുഴ – 688011

ഫോൺ – 0477 2252753
ഇ-മെയിൽ – ddhglfalpy@gmail.com
തീയതി, 26.05.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത് 2018-2019 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത് 2018-2019 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ എല്ലാ ഖണ്ഡികകളിലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

**നം.കെ.എസ്.എ-എ.എൽ.പി/പി8-400/2020** **തീയതി, 26.05.2020**

## ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994* ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് *215(4), 1994* ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് *13, 1996*ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം *18* എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ **തൈക്കാട്ടുശ്ശേരി** ഗ്രാമപഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.1.2019 മുതൽ 31.12.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | കെ.വി.സന്തോഷ്,<br>ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 28.2.2020 മുതൽ<br>9.3.2020 വരെ | ശ്രീമതി.എസ്.എൽസമ്മ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ),<br>ശ്രീ.പ്രശോഭൻ കെ.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.പ്രവീൺ ഷേണായി.ജെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,<br>ശ്രീമതി.ബീന.എ.ഡി, സീനിയർ ഗ്രേഡ് ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

**1) പ്രസിഡന്റ്**

| | |
|---|---|
| ശ്രീമതി.ശാന്തമ്മ പ്രകാശ് | 01.4.2018 മുതൽ 31.3.19വരെ. |

**2).സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ**

| ക്രമ നം. | സ്റ്റാൻഡിംഗ് കമ്മറ്റി | പേര് | കാലയളവ് |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ.കെ.ആർ.പുഷ്കരൻ | 01.4.2018 മുതൽ 31.3.19 വരെ. |
| 2 | വികസനകാര്യം | ശ്രീമതി.ശശികല .പി. | 01.4.2018 മുതൽ 31.3.19 വരെ. |
| 3 | ക്ഷേമകാര്യം | - | 01.4.2018 മുതൽ 08.08.18 വരെ |
| | | ശ്രീമതി.മിനി രമേശൻ | 09.08.18 മുതൽ 31.03.19 വരെ |
| 4 | ആരോഗ്യ വിദ്യാഭ്യാസം | ശ്രീമതി.വിജയകുമാരി | 01.4.2018 മുതൽ 31.3.19 വരെ. |

**3) സെക്രട്ടറി**

| | |
|---|---|
| ശ്രീ.പി.ആർ.സജി | 01.4.2018 മുതൽ 31.3.19വരെ. |

**4) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ**

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ഇന്ദു.കെ.പോൾ | 01.4.2018 മുതൽ 31.3.19വരെ. |
| വെറ്ററിനറി സർജൻ | ഡോ.ബാലഗോപാൽ | 01.4.2018 മുതൽ 31.3.19വരെ. |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ജി.ഇന്ദുലേഖ | 01.4.2018 മുതൽ 31.3.19വരെ. |
| മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി. | ഡോ.അവന്തി | 01.4.2018 മുതൽ 31.3.19വരെ. |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.അശ്വതി.എം | 01.4.2018 മുതൽ 31.3.19വരെ. |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ഷിൻഡ്യ | 01.4.2018 മുതൽ 31.3.19വരെ. |
| പ്രധാന അധ്യാപിക, ഗവ.എൽ.പി.എസ്. | ശ്രീമതി.ഉഷ.ബി.നായർ | 01.4.2018 മുതൽ 31.3.19വരെ. |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി.നിഷ എം.ബി. | 01.4.2018 മുതൽ 31.3.19വരെ. |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.സജിത | 01.4.2018 മുതൽ 31.3.19വരെ. |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സുരേഷ് ജോർജ് | 01.4.2018 മുതൽ 31.3.19വരെ. |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീമതി.പൊന്നമ്മ കെ.ജെ. | 01.04.18 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഖണ്ഡിക നം. | ഭാഗം |
|---|---|---|
| 1 | 1-1 മുതൽ<br>1-13 വരെ | പൊതു അവലോകനം |
| 2 | 1-14 | വസ്തുനികുതി നിർണ്ണയത്തിലെ അപാകങ്ങൾ |
| 3 | 1-15 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകങ്ങൾ |
| 4 | 1-16 | വ്യാപാര ലൈസൻസ് - അപാകങ്ങൾ |
| 5 | 1-17 | കടമുറി വാടക - അപാകങ്ങൾ |
| 6 | 1-18 | കൃഷി ഓഫീസർ നിർവ്വഹണം ചെയ്ത പ്രോജക്ടുകളിലെ അപാകതകൾ |
| 7 | 1-19 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ |
| 8 | 1-20 | ബാല സൗഹൃദ പഞ്ചായത്ത് - ചെലവ് രേഖകൾ ഹാജരാക്കിയില്ല |
| 9 | 1-21 | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ - പണം ഡെപ്പോസിറ്റ് ചെയ്തെങ്കിലും വർക്ക് ആരംഭിച്ചിട്ടില്ല |
| 10 | 1-22 | മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം (രണ്ടാം ഘട്ടം)-പ്രോജക്ട് നം.S109/19-<br>മുന്നൊരുക്കങ്ങളില്ലാതെ പദ്ധതി ആവിഷ്കരിച്ചു - ഇതേവരെയും പ്രവർത്തനം ആരംഭിച്ചിട്ടില്ല |
| 11 | 1-23 | കണ്ണോത്ത് മൂതാറ്റ് റോഡ് ടാറിംഗ്-യഥാസമയം കരാറിൽ ഏർപ്പെട്ടില്ല |
| 12 | 1-24 | ഉറവിട മാലിന്യസംസ്കരണം |
| 13 | 1-25 | സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കാത്തത് |
| 14 | 1-26 | ടാറിംഗ് പ്രവൃത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക്കിന്റെ ഉപയോഗം സംബന്ധിച്ച് |
| 15 | 1-27 | ശുചിത്വ മിഷനിൽ നിന്നും ലഭിച്ച തുക നാളിതുവരെയും ചെലവഴിച്ചിട്ടില്ല |
| 16 | 1-28 | വയബിലിറ്റി ഗ്യാപ് ഫണ്ട് - പ്രോജക്ടിനായി പണം ചെലവഴിച്ചെങ്കിലും മാലിന്യ ശേഖരണവും നിർമ്മാർജ്ജനവും നടക്കുന്നില്ല |
| 17 | ഭാഗം 2 | |
| | ഇല്ല | |
| | ഭാഗം 3 | |
| 18 | 3-1 | കൃഷി ഓഫീസർ നിർവ്വഹണം ചെയ്ത പ്രോജക്ടുകളിലെ അപാകതകൾ |

| | | |
|---|---|---|
| 19 | 3-2 | കണ്ണോത്ത് മൂതാറ്റ് റോഡ് ടാറിംഗ്-യഥാസമയം കരാറിൽ ഏർപ്പെട്ടില്ല |
| | ഭാഗം 4 | |
| 20 | 4-1 മുതൽ<br>4-11 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 21 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 22 | അനുബന്ധം-2 | |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

31.03.2018 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ് അംഗീകരിച്ചു.

| ആകെ വരവ് | ആകെ ചെലവ് |
|---|---|
| 203822474 | 182535600 |

**1-2 വാർഷിക ധനകാര്യപത്രിക**

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-2019 | 31.07.2019 | 14.05.2019 |

**1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം**

| ഓഡിറ്റ് സർട്ടിഫിക്കറ്റ് നമ്പർ/തീയതി | വിശേഷണം |
|---|---|
| കെ.എസ്.എ-എ.എൽ.പി/പി9-520/19 തീയതി, 27.06.2019 | വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം |

**1-4 സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം)**

| | |
|---|---|
| മുന്നിരിപ്പ് | 5976354 |
| വരവ് | 101763747 |
| ആകെ | 107740101 |
| ചെലവ് | 95716350 |
| നീക്കിയിരിപ്പ് | 12023751 |

**1-5 ഫണ്ട് വിനിയോഗം (എസിആർ പ്രകാരം)**

| ഫണ്ടിനം | ഒ.ബി. | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | | 14568000 | 14568000 | 14568000 | |
| എസ്.സി. പി | | 6105000 | 6105000 | 6105000 | |
| ടി.എസ്.പി. | | 191000 | 191000 | 191000 | |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | | 2514000 | 2514000 | 1300415 | 1213585 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | | 2972000 | 2972000 | 2661328 | 310672 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 6761000 | 6761000 | 6761000 | |

**1-6 പദ്ധതി അവലോകനം**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 114 | 1398283333 | 81 | 65376458 | 7 | 26 | 77 |

**1-7 തൊഴിലുറപ്പ് പദ്ധതി (ക്യാഷ് ബുക്ക് പ്രകാരം)**

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 431541 | 554383 | 985924 | 976682 | 9242 |
| ഗുണഭോക്താക്കൾക്ക് നേരിട്ട്നൽകുന്നത് | 0 | 47676318 | 47676318 | 47676318 | 0 |
| ആകെ | 431541 | 48230701 | 48662242 | 48653000 | 9242 |

**1-8 ക്ഷേമപദ്ധതികൾ**

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 696840 | 121 |
| കർഷകതൊഴിലാളി പെൻഷൻ | 6118000 | 2151 |
| വിധവാപെൻഷൻ | 7782800 | 2563 |
| വാർദ്ധക്യകാല പെൻഷൻ | 17386800 | 6599 |
| വികലാംഗപെൻഷൻ | 2831800 | 906 |
| 50 വയസ്സിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 757600 | 246 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 150000 | 5 |

**1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19/02/2020 | ജനുവരി 2020 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11-12-2006 മുതൽ 20-12-06 വരെ | 2005-06 | 24/03/2007 |

1-12 വാർഷിക കണക്കിലെ അപാകതകൾ

27.06.2019ലെ കെ.എസ്.എ-എ.എൽ.പി/പി9-520/19 നമ്പരായി പുറപ്പെടുവിച്ച സർട്ടിഫിക്കറ്റിലെ അപാകതകൾ പരിഹരിച്ചിട്ടില്ല. ആയത് ഈ റിപ്പോർട്ടിന്റെ ഭാഗമായിരിക്കുന്നതാണ്.

1-13 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
2. സ്റ്റോക്ക് രജിസ്റ്ററിൽ ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരിപ്പ് വിവരം എന്നിവ ലഭ്യമല്ല. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
3. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നുംതന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
5. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-14 വസ്തുനികുതി നിർണ്ണയത്തിലെ അപാകങ്ങൾ

കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം തൈക്കാട്ടുശ്ശേരി പഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച അന്തിമ വിജ്ഞാപനത്തിൽ 100 ചതുരശ്ര മീറ്ററിന് താഴെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഒരു ചതുരശ്ര മീറ്ററിന് 30/- രൂപയും 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 50/- രൂപയും ആണ് നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഒരേ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള ഒരു കെട്ടിടത്തെ വിവിധ മുറികളായി മാത്രം കണക്കാക്കി 100 ചതുരശ്ര മീറ്ററിന് താഴെയുള്ള കെട്ടിടങ്ങൾക്ക് ബാധകമായ ചതുരശ്ര മീറ്ററിന് 30/- രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. പലമുറികളായി നമ്പരിട്ട ഒരേ ഉടമയുടെ കെട്ടിടങ്ങളുടെ നികുതി പുനപരിശോധിച്ച് കൃത്യമായ നികുതി ഈടാക്കേണ്ടതാണ്. 2011 മുതൽ പല പുതിയ കെട്ടിടങ്ങളിലും ഇപ്രകാരമുള്ള കുറവ് വന്നിട്ടുള്ളതിനാൽ പലമുറികളായി നമ്പരിട്ട ഒരേ ഉടമയുടെ കെട്ടിടങ്ങളുടെ നികുതി പുനപരിശോധിച്ച് കൃത്യമായ നികുതി ഈടാക്കേണ്ടതാണ്. ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | പേരും അഡ്രസ്സും | തറ വിസ്തീർണ്ണം (ച.മീ) | വർദ്ധന % | ഈടാക്കിയ വസ്തു നികുതി & ലൈ.സെസ് @30/m$^2$ | ഈടാക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തു നികുതിയും ലൈ.സെസും @50/m$^2$ | ഈടാക്കിയതിലെ കുറവ് |
|---|---|---|---|---|---|---|
| 13/477(എ),(ബി),(സി),(ഡി) | ജോർജ് ജോസഫ്, തയ്യിടത്തറ, തൈക്കാട്ടുശ്ശേരി പി.ഓ. | 102.2 | 20 | അടിസ്ഥാനനികുതി-3066<br>20% വർദ്ധനവ്-613.2<br>ആകെ നികുതി-3680<br>ലൈബ്രറി സെസ്-184 | അടിസ്ഥാനനികുതി-5110<br>20% വർദ്ധനവ്-1022<br>ആകെ നികുതി-6132<br>ലൈബ്രറി സെസ്-307 | വസ്തുനികുതി-2452<br>ലൈബ്രറി സെസ്-123 |

## 1-15 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി വരവ് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1. <u>സ്ഥാപന നികുതി ഈടാക്കിയില്ല</u>

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി പത്രികൾ, രജിസ്റ്ററുകൾ എന്നിവയനുസരിച്ച് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെപറയുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

| സ്ഥപനം | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം | ആകെ |
|---|---|---|---|
| എസ്.ബി.ഐ.തൈക്കാട്ടുശ്ശേരി | 1250 | 1250 | 2500 |
| എസ്.ബി.ഐ.പൂച്ചാക്കൽ | 1250 | 1250 | 2500 |
| സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് 275 | 1250 | 1250 | 2500 |
| സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് 326 | 1250 | 1250 | 2500 |
| സപ്ലൈകോ സൂപ്പർ മാർക്കറ്റ്, പൂച്ചാക്കൽ | 1250 | 1250 | 2500 |
| തൈക്കാട്ടുശ്ശേരി കോ-ഓപ്പറേറ്റീവ് സൊസൈറ്റി A-239 | 1250 | 1250 | 2500 |
| സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് 275 മണപ്പുറം | 1250 | 1250 | 2500 |
| ആകെ | | | 17500 |

ടി വരവ് നഷ്ടം ഉത്തരവാദിയായ സ്ഥാപനത്തിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് ചേർക്കേണ്ടതാണ്.

2. <u>തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്</u>

| പേര് | ഉദ്യോഗപ്പേര് | കാലയളവ് | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി | കുറവ് | നികുതി ഈടാക്കിയതിന്റെ രസീത് നമ്പരും തീയതിയും | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| രേഖ.ഒ. | ജൂനിയർ ക്ലാർക്ക്, എസ്.സി.ബി. തൈക്കാട്ടുശ്ശേരി -326 | 2018-19 1st | 21423x6 | 1000 | 1250 | 250 | 118010101389/ 29.9.18/ രൂപ 7500 | നികുതി നിർണ്ണയ സ്റ്റേറ്റ്മെന്റിൽ അർദ്ധ വാർഷിക വരുമാനത്തിനു പകരം മാസ ശമ്പളത്തിന്റെ നിരക്കാണ് ഉൾപ്പെടുത്തിയിരുന്നത്. |
| ആശ.വി. | ടൈപ്പിസ്റ്റ്, എസ്.സി.ബി. തൈക്കാട്ടുശ്ശേരി -326 | 2018-19 1st | 22000x6 | 1000 | 1250 | 250 | 118010101389/ 29.9.18/ രൂപ 7500 | |
| | | | | | | 500 | | |

ഈടാക്കിയതിൽ കുറവു വന്ന തൊഴിൽ നികുതി ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

3. <u>തൊഴിൽ നികുതി അടവാക്കിയില്ല.</u>

സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, തൈക്കാട്ടുശ്ശേരി - 326, 2018-19 വർഷം രണ്ടാം അർദ്ധ വർഷം ജീവനക്കാരുടെ തൊഴിൽ നികുതി അടച്ചതായി കാണുന്നില്ല.

അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

## 1-16 വ്യാപാര ലൈസൻസ് - അപാകങ്ങൾ

1. പഞ്ചായത്തിൽ ഓരോ വാർഡിലും പ്രവർത്തിക്കുന്ന മുഴുവൻ വാണിജ്യ/വ്യാവസായ/ഇതര സ്ഥാപനങ്ങളെയുൾപ്പെടുത്തി തയ്യാറാക്കിയ വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല. ട്രേഡേഴ്സ് ലിസ്റ്റിൽ സ്ഥാപനത്തിന്റെ പേര്, ഏതു തരം കച്ചവടം എന്നും വ്യക്തമാക്കിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട താഴെ പറയുന്ന വ്യാപാരികളും സ്ഥാപനങ്ങളും ലൈസൻസ് പുതുക്കിയിട്ടില്ല.

1. കെ.എ ബാബു,കോരംവെളി
2. വിപിൻ ആന്റണി,പാറായിൽ
3. ചന്ദ്രൻ,ചന്ദ്രശ്ശേരി നികർത്ത്
4. വിജേഷ്,വളവത്തുകാട്
5. മാധുരി,വടക്കേ അടിനാട്ടിൽ
6. സെക്രട്ടറി,ക്ഷീരവികസന സംഘം,തൈക്കാട്ടുശ്ശേരി
7. മാനേജർ,ലാഭം മാർക്കറ്റ്,പൂച്ചാക്കൽ
8. മാനേജർ,നീതി മെഡിക്കൽ സ്റ്റോർ,പൂച്ചാക്കൽ

2. ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമുള്ള, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോർ, പാൽ സൊസൈറ്റികൾ, നീതി മെഡിക്കൽ സ്റ്റോർ എന്നിവ ലൈസൻസ് പുതുക്കിയിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വ്യാപാര/വാണിജ്യ സ്ഥാപനങ്ങളും ഗ്രാമപഞ്ചായത്തിന്റെ ലൈസൻസോടെ നിയമാനുസൃതമാണെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-17 കടമുറി വാടക - അപാകങ്ങൾ

2017-18ലെ വാർഷിക കണക്ക് പ്രകാരം വാടക കുടിശ്ശിക 63,171/- രൂപയാണ്. എന്നാൽ വാടക രജിസ്റ്റർ പ്രകാരം ഇത് 23,613/- രൂപയാണ്. ഇതിൽ തൻവർഷം ഈടാക്കിയ 12,636/- രൂപ കഴിഞ്ഞുള്ള കുടിശ്ശിക രജിസ്റ്റർ പ്രകാരം 10,977/- രൂപയാണ്. എന്നാൽ 2018-19ലെ വാർഷിക കണക്ക് പ്രകാരം 50,535/- രൂപ കുടിശ്ശികയുണ്ട്. രജിസ്റ്ററും വാർഷിക കണക്കുകളും വ്യത്യാസപ്പെട്ടതിനുള്ള കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/7.3.2020) മറുപടി ലഭിച്ചില്ല. വാടക കുടിശ്ശിക പിരിച്ചെടുക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

### 1-18 കൃഷി ഓഫീസർ നിർവ്വഹണം ചെയ്ത പ്രോജക്ടുകളിലെ അപാകതകൾ

എ) ജാതിതൈ വിതരണം

പ്രോജക്ട് നം - S0036/19

വികസന ഫണ്ട് - 35400

ഗുണഭോക്തൃവിഹിതം - 13600

ആകെ അടങ്കൽ - 49000

**ചെലവ്**

1) ബിൽ നം.4/18-19/4.2.19/തുക. 35400

2) ചെക്ക് നം.0024911/7.3.19/ തുക. 13600

RAIDCO യുടെ 10.1.19 ലെ ALPY/1188/18-19 നം. ഇൻവോയ്സ് പ്രകാരമുള്ള വാങ്ങലുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| Item | Qty | Rate | Amount | Gst% | Gst | Total |
|---|---|---|---|---|---|---|
| Organic manure | 1000kg | 12 | 12000 | 0 | 0 | 12000 |
| Pseudomonas powder 1kg packet | 200kg | 71.43 | 14286 | 5% | 714.3 | 15000.30 |
| Trichoderma powder 1kg packet | 200kg | 95.24 | 19048 | 5% | 952.4 | 20000.40 |
| Dolomite | 200kg | 9.52 | 1904 | 5% | 95.2 | 1999.20 |
| Total | | | | | | 49000 |

അപാകതകൾ

a) ജാതി തൈ വിതരണം എന്ന പേരിൽ പ്രോജക്ട് വെച്ച് റെയ്ഡ്കോയിൽ നിന്നും വളം വാങ്ങി വിതരണം ചെയ്തു.

b) ജില്ലാതല യൂണിറ്റ് കോസ്റ്റ് പ്രകാരം ഡോളമൈറ്റ് 1 കിലോഗ്രാമിന്റെ വില 8 രൂപയാണ്. എന്നാൽ 9.52 രൂപ നിരക്കിൽ 200കിലോഗ്രാം വാങ്ങി വിതരണം ചെയ്തു.

c) ഇത്രയും വളം ഏത് കൃഷിക്ക് വേണ്ടി നൽകി എന്നതിന്റെ രേഖകളില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, യൂണിറ്റ് കോസ്റ്റ് നിരക്കിൽ ഡോളമൈറ്റ് മറ്റ് സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകാഞ്ഞതിനാലാണ് റെയ്ഡ്കോയിൽ നിന്നും അധികനിരക്കിൽ വാങ്ങിയതെന്ന മറുപടി അംഗീകരിക്കുന്നില്ല. മറ്റ് സ്ഥാപനങ്ങളിൽ നിന്നും ഡോളമൈറ്റ് ലഭ്യമാകുന്ന വില രേഖാമൂലം ഹാജരാക്കിയിട്ടില്ല. ആയതിനാൽ യൂണിറ്റ് കോസ്റ്റിനേക്കാൾ അധികനിരക്കിൽ താഴെ ചേർക്കും പ്രകാരം ഡോളമൈറ്റ് വാങ്ങിയതിലൂടെ ഉണ്ടായ അധികചെലവ് 320രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

| Item | Qty | Rate | Amount | Gst% | Gst | Total | Excess |
|---|---|---|---|---|---|---|---|
| Dolomite | 200kg | 9.52 | 1904 | 5% | 95.2 | 1999.20 | |
| | 200kg | 8 | 1600 | 5% | 80 | 1680 | 320<br>(2000-1680) |

ബി) ഇടവിളകൃഷി

പ്രോജക്ട് നം - S0023/19

വികസന ഫണ്ട് - 125000

ഗുണഭോക്തൃവിഹിതം - 18750

ആകെ അടങ്കൽ - 143750

**ചെലവ്**

1) ബിൽ നം.8/18-19/11.3.19/ തുക. 69750

2) ചെക്ക് നം.0024911/7.3.19/ തുക. 18750

3) ബിൽ നം. 7/18-19/11.3.19/ തുക. 37500

4) ബിൽ നം. 6/18-19/11.3.19/ തുക. 15750

5) ബിൽ നം. 10/18-19/13.3.19/ തുക. 2000

ആകെ- 143750

| Sl.no | Institution/<br>Invoice no/date | Item | Qty | Rate | Amount |
|---|---|---|---|---|---|
| 1 | VFPCK<br>EKM/KBK/1057/4.2.19 | Nutmeg/Jathi bud | 300nos | 250 | 75000 |
| | | Peppertrailing- 2 cuttings | 750 | 18 | 13500 |
| Total | | | | | 88500 |
| 2 | RAIDCO<br>ALPY/1190/18-19/10.1.19 | Tuberkit | 150 | 250 | 37500 |
| 3 | RAIDCO<br>ALPY/1191/18-19/10.1.19 | Ginger & Turmeric seed kit | 150 | 105 | 15750 |

അപാകതകൾ

a) ജില്ലാതല യൂണിറ്റ് കോസ്റ്റ് പ്രകാരം ഇഞ്ചി, മഞ്ഞൾ എന്നിവയുടെ വില കിലോഗ്രാമിന് യഥാക്രമം 60, 35 എന്നിങ്ങനെയാണ്. എന്നാൽ ക്രമ നം. 3 പ്രകാരം, ഇഞ്ചി, മഞ്ഞൾ കിറ്റ് 105/- രൂപ പ്രകാരമാണ് വാങ്ങിയിട്ടുള്ളത്.

b) ഇടവിളകൃഷി എന്നതിലുൾപ്പെടുത്തി 75000 രൂപയ്ക്ക് ജാതി തൈ വാങ്ങി വിതരണം ചെയ്തു.

ഇഞ്ചി, മഞ്ഞൾ എന്നിവയുടെ വില കിലോഗ്രാമിന് യൂണിറ്റ് കോസ്റ്റായ 95 നേക്കാൾ അധികമായി 105/- രൂപ ചെലവഴിച്ച് താഴെ ചേർക്കും പ്രകാരം വാങ്ങിയതിലൂടെ ഉണ്ടായ അധിക ചെലവ് 1500/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

| Item | Qty | Rate | Amount | Excess |
|---|---|---|---|---|
| Ginger & Turmeric seed kit | 150 | 105 | 15750 | |
| | 150 | 95 | 14250 | 1500<br>(15750-14250) |

സി) പച്ചക്കറികൃഷി

പ്രോജക്ട് നം - S0037/19

വികസന ഫണ്ട് - 189600

ഗുണഭോക്തൃവിഹിതം - 37200

ബ്ളോക്ക് പഞ്ചായത്ത് വിഹിതം - 85000

ആകെ അടങ്കൽ - 311800

**ചെലവ്**

1) ബിൽ നം.5/18-19/11.3.19/ തുക. 104600

2) ചെക്ക് നം.0024911/7.3.19/ തുക. 37200

3) ചെക്ക് നം.8884742/7.3.19/ തുക. 85000

4) ബിൽ നം. 11/18-19/14.3.19/ തുക. 85000
ആകെ- 311800

ഇതിൽ 1,41,806/- രൂപ പച്ചക്കറി വിത്ത്, വളം എന്നിവയുടെ വിലയായി റയ്ഡ്കോയ്ക്ക് നൽകിയതാണ്.
RAIDCO യുടെ 10.1.19 ലെ ALPY/1192/18-19 നം. ഇൻവോയ്സ് പ്രകാരമുള്ള വാങ്ങലുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| Item | Qty | Rate | Amount | Gst% | Gst | Total |
|---|---|---|---|---|---|---|
| Veg.seed kit | 200nos | 50 | 10000 | 0 | 0 | 10000 |
| Groundnut cake | 400kg | 40 | 16000 | 5% | 800 | 16800 |
| Pseudomonas powder 1kg packet | 400kg | 71.43 | 28572 | 5% | 1428.6 | 30000.60 |
| Trichoderma powder 1kg packet | 400kg | 95.24 | 38096 | 5% | 1904.8 | 40000.80 |
| Organic manure | 1000kg | 9 | 9000 | 0 | 0 | 9000 |
| Neem cake | 1000kg | 24.76 | 24760 | 5% | 1238 | 25998 |
| Dolomite | 1000kg | 9.53 | 9530 | 5% | 476.5 | 10006.50 |
| Total | | | | | | 141805.90 |

അപാകതകൾ

a) ജില്ലാതല യൂണിറ്റ് കോസ്റ്റ് പ്രകാരം ഡോളമൈറ്റ് 1 കിലോഗ്രാമിന്റെ വില 8 രൂപയാണ്. എന്നാൽ 9.53 രൂപ നിരക്കിൽ 1000കിലോഗ്രാം വാങ്ങി വിതരണം ചെയ്തു.

b) ഇത്രയും വളം ഏത് കൃഷിക്ക് വേണ്ടി നൽകി എന്നതിന്റെ രേഖകളില്ല.

യൂണിറ്റ് കോസ്റ്റിനേക്കാൾ അധികനിരക്കിൽ താഴെ ചേർക്കും പ്രകാരം ഡോളമൈറ്റ് വാങ്ങിയതിലൂടെ ഉണ്ടായ അധികചെലവ് 1607/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

| Item | Qty | Rate | Amount | Gst% | Gst | Total | Excess |
|---|---|---|---|---|---|---|---|
| Dolomite | 1000kg | 9.53 | 9530 | 5% | 476.5 | 10006.50 | |
| | 1000kg | 8 | 8000 | 5% | 400 | 8400 | 1607<br>(10007-8400) |

ഡി) വാഴകൃഷി

പ്രോജക്റ്റ് നം - S0024/19

വികസന ഫണ്ട് - 107000

ഗുണഭോക്തൃവിഹിതം - 29000

ആകെ അടങ്കൽ - 136000

**ചെലവ്**

1) ബിൽ നം.3/18-19/11.3.19/ തുക. 107000

2) ചെക്ക് നം.0024911/7.3.19/ തുക. 29000

ആകെ- 136000

RAIDCO യുടെ 10.1.19 ലെ ALPY/1189/18-19 നം. ഇൻവോയ്സ് പ്രകാരമുള്ള വാങ്ങലുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| Item | Qty | Rate | Amount | Gst% | Gst | Total |
|---|---|---|---|---|---|---|
| Banana sucker | 2000nos | 13 | 26000 | 0 | 0 | 26000 |
| Neem cake | 2000kg | 24.76 | 49520 | 5% | 2476 | 51996 |
| Organic manure | 4000kg | 12 | 48000 | 0 | 0 | 48000 |
| Dolomite | 1000kg | 9.53 | 9530 | 5% | 476.5 | 10006.50 |
| Total | | | | | | 136002.50 |

അപാകതകൾ

a) ജില്ലാതല യൂണിറ്റ് കോസ്റ്റ് പ്രകാരം ഡോളമൈറ്റ് 1 കിലോഗ്രാമിന്റെ വില 8 രൂപയാണ്. എന്നാൽ 9.53 രൂപ നിരക്കിൽ 1000കിലോഗ്രാം വാങ്ങി വിതരണം ചെയ്തു.

യൂണിറ്റ് കോസ്റ്റിനേക്കാൾ അധികനിരക്കിൽ താഴെ ചേർക്കും പ്രകാരം ഡോളമൈറ്റ് വാങ്ങിയതിലൂടെ ഉണ്ടായ അധികചെലവ് 1607/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

| Item | Qty | Rate | Amount | Gst% | Gst | Total | Excess |
|---|---|---|---|---|---|---|---|
| Dolomite | 1000kg | 9.53 | 9530 | 5% | 476.5 | 10006.50 | |
| | 1000kg | 8 | 8000 | 5% | 400 | 8400 | 1607<br>(10007-8400) |

ഇ) തെങ്ങിന് ജൈവവളം

പ്രോജക്റ്റ് നം - S0035/19

വികസന ഫണ്ട് - 178495

ഗുണഭോക്തൃവിഹിതം - 84000

ആകെ അടങ്കൽ - 262495

ചെലവ്

1) ബിൽ നം.9/18-19/11.3.19/ തുക. 178495

2) ചെക്ക് നം.0024911/7.3.19/ തുക. 84000
ആകെ – 262495

RAIDCO യുടെ 10.1.19 ലെ ALPY/1187/18-19 നം. ഇൻവോയ്സ് പ്രകാരമുള്ള വാങ്ങലുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| Item | Qty | Rate | Amount | Gst% | Gst | Total |
|---|---|---|---|---|---|---|
| Neem cake | 7500kg | 24.76 | 185700 | 5% | 9285 | 194985 |
| Bone meal | 1500kg | 35 | 52500 | 0 | 0 | 52500 |
| Dolomite | 1500kg | 9.53 | 14295 | 5% | 714.76 | 15009.75 |
| Total | | | | | | 262494.75 |

അപാകതകൾ

ജില്ലാതല യൂണിറ്റ് കോസ്റ്റ് പ്രകാരം ഡോളമൈറ്റ് 1 കിലോഗ്രാമിന്റെ വില 8 രൂപയാണ്. എന്നാൽ 9.53 രൂപ നിരക്കിൽ 1500കിലോഗ്രാം വാങ്ങി വിതരണം ചെയ്തു.

യൂണിറ്റ് കോസ്റ്റിനേക്കാൾ അധികനിരക്കിൽ താഴെ ചേർക്കും പ്രകാരം ഡോളമൈറ്റ് വാങ്ങിയതിലൂടെ ഉണ്ടായ അധികചെലവ് 2410/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

| Item | Qty | Rate | Amount | Gst% | Gst | Total | Excess |
|---|---|---|---|---|---|---|---|
| Dolomite | 1500kg | 9.53 | 14295 | 5% | 714.76 | 15009.76 | |
| | 1500kg | 8 | 12000 | 5% | 600 | 12600 | 2410<br>(15010-12600) |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/07.03.2020) യൂണിറ്റ് കോസ്റ്റിൽ ഡോളമൈറ്റ് തരുന്നതിന് നിലവിൽ സ്ഥാപനങ്ങൾ തയ്യാറാകാത്ത സാഹചര്യത്തിലാണ് കൂടുതൽ വിലയ്ക്ക് ഡോളമൈറ്റ് എടുത്തത് എന്ന് മറുപടി ലഭ്യമാക്കി. ഇത് അംഗീകരിക്കാവുന്നതല്ല.

### 1-19 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ

തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന അങ്കണവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിന് 29.2.2020ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.1), ഐ.സി.ഡി.എസ്.സൂപ്പർവൈസർ ലഭ്യമാക്കിയ വിശദാംശങ്ങൾ പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

കെട്ടിടം – തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ 22 അങ്കണവാടികൾ പ്രവർത്തിയ്ക്കുന്നു. അതിൽ 12 എണ്ണം സ്വന്തം കെട്ടിടത്തിലും, 10 എണ്ണം വാടകകെട്ടിടത്തിലുമാണ് പ്രവർത്തിയ്ക്കുന്നത്.

കുടിവെള്ളം- സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 12 അങ്കണവാടികളിൽ, 9അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ ഉണ്ട്. 3 അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ ഇല്ല. വാടകയിൽ പ്രവർത്തിക്കുന്ന 10അങ്കണവാടികൾക്കും കുടിവെള്ളം ലഭ്യമാണ്.

ടോയ്‌ലെറ്റ്- സ്വന്തം കെട്ടിടമുള്ള 12 അങ്കണവാടികളിൽ 11 എണ്ണത്തിന് ടോയ്‌ലെറ്റ് സൗകര്യമുണ്ട്. ഒരെണ്ണത്തിന് ടോയ്‌ലെറ്റ് സൗകര്യമില്ല. വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന എല്ലാ അങ്കണവാടികൾക്കും ടോയ്‌ലെറ്റ് സൗകര്യമുണ്ട്. ബേബി ഫ്രണ്ട് ലി ടോയ്‌ലെറ്റ് 5 അങ്കണവാടികൾക്ക് ഉണ്ട്.

വൈദ്യുതി- സ്വന്തം കെട്ടിടമുള്ള 12 അങ്കണവാടികളിൽ 11 എണ്ണത്തിനും, വാടകയിൽ പ്രവർത്തിക്കുന്ന 10അങ്കണവാടികളിൽ, 9 അങ്കണവാടികൾക്കും വൈദ്യുതി കണക്ഷൻ ഉണ്ട്.

ചുറ്റമതിൽ- സ്വന്തം കെട്ടിടമുള്ള 12 അങ്കണവാടികളിൽ 8 എണ്ണത്തിനും, വാടകയിൽ പ്രവർത്തിക്കുന്ന 10അങ്കണവാടികളിൽ, 8 അങ്കണവാടികൾക്കും ചുറ്റമതിൽ ഉണ്ട്. ബാക്കിയുള്ളവയ്ക്ക് ചുറ്റമതിൽ ഇല്ല.

ആഹാരസാധനങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യം- എല്ലാ അങ്കണവാടികൾക്കും ആഹാരസാധനങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യമുണ്ട്.

ഫിറ്റ്നസ് സർട്ടിഫിക്കറ്റ്- അങ്കണവാടികൾ പ്രവർത്തിയ്ക്കുന്ന കെട്ടിടം നിലവിൽ സുരക്ഷിതമാണോ എന്ന് പരിശോധിച്ച് നൽകുന്ന ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് 2018-19സാമ്പത്തികവർഷം 19 അങ്കണവാടികൾക്ക് ലഭ്യമായിട്ടുണ്ട്. അങ്കണവാടി നം. 30, 32, 118 എന്നിവയ്ക്ക് ഫിറ്റ്നെസ് ലഭ്യമായിട്ടില്ല.

പ്രവേശനോത്സവം - എല്ലാ വർഷവും ജൂൺ ഒന്നിനും നവംബർ ഒന്നിനും (രണ്ട് തവണ) അങ്കണവാടികളിൽ പ്രവേശനോത്സവം നടത്താറുണ്ട്.

അങ്കണവാടികളുടെ പ്രവർത്തനം തൃപ്തികരമെങ്കിലും 10 എണ്ണത്തിന് സ്വന്തമായി കെട്ടിടം ഇല്ലാത്തതും,ചുറ്റമതിൽ,വൈദ്യുതി തുടങ്ങിയ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയും, ഫിറ്റ്നെസ്സ് ഇല്ലാതെ 3 അങ്കണവാടികൾ പ്രവർത്തിക്കുന്നതും ഗൗരവമേറിയ വിഷയമാണ് . അങ്കണവാടി കെട്ടിടങ്ങളുടെ സംരക്ഷണത്തിന് സർക്കാർ പുറപ്പെടുവിച്ച സർക്കുലർ നം. 31055/ഡി.സി. 2/2011/ ത.സ്വ.ഭ.വ /22.03.2011ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മീറ്റിംഗുകളിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ പങ്കെടുത്തിട്ടില്ലെന്നും, ആയതിനാൽ അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങളെക്കുറിച്ച് നിർദ്ദേശങ്ങൾ ഒന്നും തന്നെ നൽകിയിട്ടില്ലെന്നുമാണ് ഈ വിഷയത്തിൽ പഞ്ചായത്ത് വിശദീകരണം നൽകിയിട്ടുള്ളത്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 ബാല സൗഹൃദ പഞ്ചായത്ത് - ചെലവ് രേഖകൾ ഹാജരാക്കിയില്ല

2018-19 സാമ്പത്തിക വർഷം വികസന ഫണ്ടിൽ നിന്നും 1,04,500/- രൂപ വകയിരുത്തി ഹെഡ്മിസ്ട്രസ്സ്, ജി.യു.പി.എസ്. തൈക്കാട്ടുശ്ശേരി നിർവ്വഹണം ചെയ്ത പ്രോജക്ട് ആണ്, ബാലസൗഹൃദപഞ്ചായത്ത്- സഹവാസക്യാമ്പും, പുസ്തക വിതരണവും (പ്രോജക്ട് നം - S0072/19).

<u>ചെലവ്</u>

1) ബിൽ നം.3/18-19/11.12.18/തുക. 36000

2) ബിൽ നം.4/18-19/11.12.18/തുക. 18500

3) ബിൽ നം.5/18-19/21.1.19/ തുക. <u>50000</u>
ആകെ- <u>104500</u>

| ക്രമ നം | ട്രഷറിബിൽനം/തീയതി/തുക | കൈപ്പറ്റിയ വ്യക്തി/സ്ഥാപനം | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | 3/18-19/11.12.18/36000 | വൺനെസ് ട്രാവൽസ് | 36000 |
| 2 | 4/18-19/11.12.18/18500 | ശ്രീകുമാരൻ ഇളയത്<br>ഷാജി | 6500<br>12000 |
| 3 | 5/18-19/21.1.19/50000 | തനത് ഫണ്ട് | 50000 |

മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട ഫയലിൽ താഴെ ചേർക്കുന്ന അപാകത ഉണ്ട്.

1. ക്രമ നം. 1, 3 എന്നിവയിലെ ചെലവുകൾക്ക് അടിസ്ഥാനമായ ഉല്ലാസയാത്ര, അംഗീകരിച്ച പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. സഹവാസക്യാമ്പും, പുസ്തക വിതരണവും എന്ന മേൽ പ്രോജക്ടിൽ കുട്ടികൾക്ക് പുസ്തകമൊന്നും വാങ്ങി നൽകിയിട്ടുമില്ല.
2. ക്രമ നം. 3 ൽ സെക്രട്ടറിയുടെ 04.01.2019ലെ എ-1223/18 നമ്പർ ഉത്തരവ് പ്രകാരം, തനത് ഫണ്ടിൽ നിന്നും മുൻകൂറായി നൽകിയ തുക പദ്ധതി വിഹിതത്തിൽ നിന്നും റീക്കുപ്പ് ചെയ്യുന്നു. പ്രസ്തുത ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുള്ള ചെലവുകൾ ചുവടെ ചേർക്കുന്നു..

| | | |
|---|---|---|
| വാഹനങ്ങളുടെ ടോൾ | - | 360 |
| ആതിരപ്പള്ളി പ്രവേശന ഫീസ് | - | 1721 |
| സിൽവർ സ്റ്റോം പ്രവേശന ഫീസ് | - | 39999 |
| കുടിവെള്ളം | - | 580 |
| വൈകുന്നേരത്തെ ഭക്ഷണം | - | 7340 |
| ആകെ | - | 50000 |

എന്നാൽ മേൽ ചെലവുകളുടെ അനുബന്ധരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. അപാകതകൾക്ക് വിശദീകരണവും, ചെലവ് രേഖകൾ ഹാജരാക്കുന്നതിനും നൽകി ഓഡിറ്റ് എൻക്വയറിക്ക് 7,340/- രൂപയുടെ വൈകുന്നേരത്തെ ബില്ലും, ആതിരപ്പള്ളി പ്രവേശന ഫീസിനത്തിൽ 1388/-രൂപയുടെ ബില്ലും ഹാജരാക്കി. ബാക്കി ചെലവ് രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ 41,272/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-21 സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ - പണം ഡെപ്പോസിറ്റ് ചെയ്തെങ്കിലും വർക്ക് ആരംഭിച്ചിട്ടില്ല

പ്രോജക്ട് നം. S084/19 നിർവഹണോദ്യോഗസ്ഥൻ- സെക്രട്ടറി

സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കലിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, കെ.എസ്.ഇ.ബി, ചേർത്തലയുടെ എസ്റ്റിമേറ്റ് പ്രകാരം 47,4,113/- രൂപ 9 വർക്കുകൾക്കായി ബിൽ നം.25/7-1-19 പ്രകാരം പിൻവലിച്ച് KSEB യിൽ അടച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വർക്കിന്റെ പേര് | എസ്റ്റിമേറ്റ് തുക |
|---|---|---|
| 1 | വരേകാട് ദേവിക്ഷേത്രം റോഡ് | 23482 |
| 2 | മേഴ്സി കരിയിൽ റോഡ് | 24072 |
| 3 | തൈക്കാട് മന കുരിശ്ശുതറ | 121304 |
| 4 | പൈനിങ്കൽ പുത്തൻവേലിക്കകം | 31270 |
| 5 | നഗരി കുനഞ്ചേരി റോഡ് | 68322 |
| 6 | മണപ്പുറം പേരിങ്ങലം റോഡ് | 40120 |
| 7 | ചാത്തനാട്ട് പരിമണം | 66281 |
| 8 | മരോട്ടിക്കൽ പെരിങ്ങലം റോഡ് | 49560 |
| 9 | സർവ്വീസ് സഹകരണസംഘം ചാത്തനാട്ട് റോഡ് | 49702 |
| | ആകെ | 474113 |

ഈ വർക്കുകൾ പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 11/06.03.2020) പ്രസ്തുത പ്രവർത്തികൾ നടന്നുവരുന്നു എന്നാണ് മറുപടി നൽകിയത്. നാളിതുവരെ പ്രവർത്തി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ 4,74,113/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പദ്ധതിയുടെ പൂർത്തീകരണ വിവരം, മുൻകൂർ നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-22 മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം (രണ്ടാം ഘട്ടം)-പ്രോജക്ട് നം.S109/19-മുന്നൊരുക്കങ്ങളില്ലാതെ പദ്ധതി ആവിഷ്കരിച്ചു - ഇതേവരെയും പ്രവർത്തനം ആരംഭിച്ചിട്ടില്ല

നിർവ്വഹണം-ഗ്രാമപഞ്ചായത്ത് സെക്രട്ടറി

പൊതു സ്ഥലങ്ങളിൽ മാലിന്യം തള്ളുന്നത് തടയുന്നതിന് പഞ്ചായത്ത് അതിർത്തിയിലെ ഏഴ് സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിച്ച് 2017-18 വർഷം ആവിഷ്കരിച്ചതും 2018-19ൽ തുടർ പദ്ധതിയായി നടപ്പിലാക്കിയതുമാണ്, “മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം” എന്ന പ്രോജക്ട്.

പ്രോജക്ട് നടപ്പാക്കുന്നതിന് കെൽട്രോണിനെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. കെൽട്രോണിന്റെ 21-3-18 ലെ KECM/SSG/F1 2708/17-18 കത്തിൽ സപ്ലൈ, ഇൻസ്റ്റലേഷൻ, ടെസ്റ്റിംഗ്, കമ്മീഷനിംഗ്, വാറന്റി പിരീഡിലുള്ള

ടെക്നിക്കൽ സപ്പോർട്ട്, എ എം സി എന്നിവയ്ക്ക് 20,30,167/- രൂപ ചെലവ് വരുമെന്നും ആയതിന്റെ 50% അഡ്വാൻസ് നൽകണമെന്നും 30% മെറ്റീരിയൽസ് സപ്ലൈ ചെയ്തതിനുശേഷവും ബാക്കി ഇൻസ്റ്റലേഷനുശേഷവും നൽകണമെന്നുമാണ് പറഞ്ഞിട്ടുള്ളത്. തുടർന്ന് 24-3-18 ൽ 8,61,198/- രൂപ കെൽട്രോണിനു നൽകി. എന്നാൽ 28-3-18 ൽ പുതുക്കിയ പ്രോഫോർമ കെൽട്രോൺ അയച്ചുതന്നതിൽ എസ്റ്റിമേറ്റ് തുക 25,89,487/- രൂപയാക്കി ഉയർത്തിയതായി കാണുന്നു.

2018/19 വർഷം ബിൽ നം.15/31-10-18 പ്രകാരം 4,33,546/- രൂപയും ബിൽ നം.55, 56, 57 എന്നിവ പ്രകാരം 19-3-19 ൽ യഥാക്രമം 380195, 380195, 380467 രൂപയും പിൻവലിച്ച് (ആകെ 15,74,403/- രൂപ) കെൽട്രോണിനു നൽകി. ഈ പ്രോജക്ടിനായി 2017-18, 2018-19 വർഷങ്ങളിലായി ആകെ 24,35,601/- രൂപ കെൽട്രോണിനു നൽകിയിട്ടുണ്ട്.

| | |
|---|---|
| 2017-18 | 861198 |
| 2018-19 | 1574403 |
| ആകെ | 24,35,601 |

പ്രോജക്ട് നിർവ്വഹണത്തിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

1. പ്രോജക്ടിനായി 24-3-18 ൽ പണം അടച്ചെങ്കിലും 14-2-19ൽ ചേർന്ന പഞ്ചായത്ത് കമ്മറ്റിയുടെ 1(1) തീരുമാന പ്രകാരമാണ് കെൽട്രോണുമായി കരാർ വയ്ക്കുവാൻ തീരുമാനിച്ചത്. എന്നാൽ കരാർ വച്ചിട്ടുള്ള രേഖകൾ ഹാജരാക്കിയില്ല.
2. പ്രോജക്ടിനായി 24-3-18 ൽ പണം അടച്ചെങ്കിലും ഇലക്ട്രിക് പോസ്റ്റിലൂടെ കേബിൾ വലിക്കുന്നതിന് 1-1-19 ലെ A1 4560/18 കത്തുപ്രകാരമാണ് KSEBയിൽ അനുമതിക്ക് അപേക്ഷിച്ചത്.
3. കെൽട്രോണിന്റെ 15-10-19 ലെ കത്ത് പ്രകാരം റീ സർവ്വേ നടത്തിയപ്പോൾ 3000 മീറ്റർ ഒപ്റ്റിക്കൽ ഫൈബർ കേബിൾ കൂടി വേണമെന്ന് അറിയിക്കുകയും ആയതിനാൽ അഡിഷണൽ ചെലവ് വരുമെന്നും അറിയിക്കുകയുണ്ടായി.

മുകളിൽ കാണിച്ചിട്ടുള്ള അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/6.3.2020) പദ്ധതിയുടെ ഉദ്ദേശ ശുദ്ധി കണക്കിലെടുത്താണ് ചെലവ് ചെയ്തതെന്നും കരാർ വച്ചിട്ടുണ്ടെന്നുമുള്ള മറുപടിയാണ് സെക്രട്ടറി നൽകിയത്. ശരിയായ മുന്നൊരുക്കമില്ലാതെ പ്രോജക്ടിനായി പണം പിൻവലിച്ച് നൽകിയതിനാൽ ഇതുവരെ പ്രവർത്തനം ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. മാത്രമല്ല അധികചെലവും വന്നിട്ടുണ്ട്. ഇത്തരം നടപടികൾ കർശനമായി ഒഴിവാക്കേണ്ടതാണ്. പഞ്ചായത്ത് ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 കണ്ണോത്ത് മൂതാറ്റ് റോഡ് ടാറിംഗ്-യഥാസമയം കരാറിൽ ഏർപ്പെട്ടില്ല

2012-ലെ പുതുക്കിയ കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2009 (6) പ്രകാരം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാറിൽ ഏർപ്പെടാത്ത കരാറുകാരിൽ നിന്നും കരാർ തുകയുടെ 1% (മിനിമം - 1000/-, മാക്സിമം -25000/-) പിഴയായി ഈടാക്കേണ്ടതാണ്. എന്നാൽ പൊതു മരാമത്ത് മാനുവലിലെ മേൽ വ്യവസ്ഥ പാലിക്കാതെ താഴെ കൊടുത്തിട്ടുള്ള പ്രോജക്ടിൽ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയതായി കാണുന്നില്ല.

| ക്രമനം | പ്രവൃത്തിയുടെ വിശദാംശം | സെലക്ഷൻ നോട്ടീസ് തീയതി | കരാറുകാരൻ/കരാർ നം./ തീയതി | കരാർ തുക | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|
| 1 | കണ്ണോത്ത് മൂതാറ്റ് റോഡ് ടാറിംഗ് പ്രോജക്ട് നം. 113/19<br>അടങ്കൽ തുക-2,30,000/- (തനതുഫണ്ട്-30,000/-)<br>മെയിന്റനൻസ് ഫണ്ട്-2,00,000/-<br>പ്രവൃത്തി മൂല്യം- 2,27,300/-<br>MB-75/17-11/18 | 21.8.18 | അക്ഷയ് ലാൽ.എം.<br>304/AE/LSGD/TSY/18-19<br>തീയതി-25.10.18 | 2,30,000/- | 2,300/- |

| | | | | | | |
|---|---|---|---|---|---|---|
| | ബിൽ നം. 14/18-19/11.2.19 .197727/-) | | | | | |

കരാർ ചമയ്ക്കുന്നതിനുണ്ടായ കാലതാമസത്തിന് പിഴ ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം അറിയിക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/07.03.2020) മറുപടി നല്കിയില്ല. പിഴയിനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക 2300/- കരാറുകാരനിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

### 1-24 ഉറവിട മാലിന്യസംസ്കരണം

സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22-07-2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാസം എന്നിവ വിൽക്കുന്ന കടകൾ, കാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ 15-09-2017ന് മുമ്പായി സജ്ജീകരിക്കുവാനുള്ള നിർദ്ദേശം സ്ഥാപനങ്ങളോട് നിർദ്ദേശിക്കുവാൻ സർക്കാർ ആവശ്യപ്പെട്ടിരുന്നു. അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219A മുതൽ 219x വരെയുള്ള വകുപ്പുകൾ, കേന്ദ്ര സർക്കാരിന്റെ 2016ലെ സോളിഡ് വേസ്റ്റ് ചട്ടങ്ങളിലെ, ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7/3.3.2020) മറുപടി നൽകിയില്ല. സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

### 1-25 സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കാത്തത്

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി.

2018-19 വർഷം സ്പിൽ ഓവറായ താഴെപറയുന്ന പദ്ധതികൾ തൻവർഷം പൂർത്തീകരിച്ചില്ല.

| പ്രോജക്ട് | അടങ്കൽ |
|---|---|
| 88/18 പൂച്ചാക്കൽ മാർക്കറ്റ് ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് | 200000<br>ബ്ലോക്ക് വിഹിതം |
| 90/18 പൂച്ചാക്കൽ മാർക്കറ്റ് നവീകരണം | 829273<br>ധനകാര്യ ഗ്രാന്റ്<br>315532<br>തനത്ഫണ്ട് |
| 91/18 നിർമൽ ഗ്രാമം -വിവിധ തോടുകളുടെ ശുചീകരണം | 221574<br>വികസനഫണ്ട് |
| 94/ 18 തൈക്കാട്ടുശ്ശേരി സാമൂഹികാരോഗ്യകേന്ദ്രത്തിന് | 450000 |

| | |
|---|---|
| എയറോബിക കമ്പോസ്റ്റ് | കേന്ദ്രാവിഷ്കൃത ഫണ്ട്. |
| 95/18 ഹരിതകേരളം-പൂച്ചാക്കൽ മാർക്കറ്റ് ബോക്സ് കൾവർട്ട് | 75235<br>ധന.ഗ്രാന്റ്<br>158332<br>തനതുഫണ്ട് |
| 99/18. 13-ാം വാർഡിൽ അംഗൻവാടി നിർമ്മാണം | 870000<br>കേന്ദ്രാവിഷ്കൃത ഫണ്ട്<br>580000<br>ജില്ലാപഞ്ചായത്ത് വിഹിതം |

സ്പിൽ ഓവറായ പ്രോജക്ടുകൾ സ്പിൽഓവറായ വർഷം തന്നെ പൂർത്തീകരിക്കേണ്ടതാണെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കുന്നുണ്ട്. സ്പിൽ ഓവറായ പ്രോജക്ടുകളുടെ നിർവ്വഹണ പുരോഗതി സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് പ്രോജക്ട് നം.99/18 ഒഴിച്ച് ബാക്കി പ്രോജക്ടുകൾ 2019-2020 സാമ്പത്തികവർഷം പൂർത്തീകരിച്ചതായി മറുപടി നൽകി. സ്പിൽ ഓവറായ പ്രോജക്ടുകളുടെ അതേ വർഷംതന്നെ നടപ്പിലാക്കാൻ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

### 1-26 ടാറിംഗ് പ്രവൃത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക്കിന്റെ ഉപയോഗം സംബന്ധിച്ച്

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ ഡിബി.3/4620/12/സിഇ/തസ്വഭവ തിയതി 22-02-2018 പ്രകാരം 2018-19 സാമ്പത്തിക വർഷം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപ്പാക്കുന്ന 25% ടാറിംഗ് പ്രവൃത്തികളിലും ഷ്രെഡഡ് പ്ലാസ്റ്റിക്ക് കൂടി ഉൾപ്പെടുത്തി ടാറിംഗ് പ്രവൃത്തി നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ക്ലീൻ കേരള മിഷൻ മുഖേന ആവശ്യമായ ഷ്രെഡഡ് പ്ലാസ്റ്റിക് ലഭ്യമാകുന്നതാണെന്നും സർക്കുലറിൽ സൂചിപ്പിച്ചിട്ടുണ്ട്.

തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിൽ 2018-19 ലെ റോഡ് ടാറിംഗ് പ്രവൃത്തികളിൽ എത്ര എണ്ണത്തിൽ(പ്രോജക്ട് സഹിതം) ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ചിട്ടുണ്ടെന്നും ഉപയോഗിച്ച പ്ലാസ്റ്റിക്കിന്റെ അളവും അറിയിക്കേണ്ടതാണെന്ന നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, 10 റോഡ് ടാറിംഗ് പ്രവർത്തികളിൽ 2 എണ്ണത്തിനു പ്ലാസ്റ്റിക് ഉപയോഗിച്ചിട്ടുണ്ടെന്നു മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പരമാവധി 25% പ്രവർത്തികളിൽ പ്ലാസ്റ്റിക് ഉപയോഗിക്കാൻ മരാമത്ത് സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ഉണ്ടാവേണ്ടതാണ്.

### 1-27 ശുചിത്വ മിഷനിൽ നിന്നും ലഭിച്ച തുക നാളിതുവരെയും ചെലവഴിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ 2018-19ലെ വാർഷിക ധനകാര്യ പത്രിക Balance Sheet- Schedule B-4 പരിശോധിച്ചതിൽ താഴെ പറയുന്ന തുകകൾ നാളിതുവരെയും ചെലവഴിച്ചിട്ടില്ല.

| Balance Sheet- Schedule B-4 – Code No: | Particulars | Amount |
|---|---|---|
| 320100115 | Centrally Sponsored Scheme- TSC | **1777498** |
| 320200322 | Grants from Suchitwa Mission | **455683** |

ശുചിത്വ മിഷനിൽ നിന്നും ലഭിച്ച തുക നാളിതുവരെയും ചെലവഴിക്കാത്തതിനു കാരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.10/04.03.2020) 2019-2020 സാമ്പത്തിക വർഷത്തിൽ ടി തുക ചെലവഴിക്കുന്നതിനു പ്രോജക്ടുകൾ അംഗീകരിച്ചിട്ടുണ്ടെന്നു മറുപടി ലഭ്യമാക്കി. ശുചിത്വ മിഷനിൽ നിന്നും ലഭിച്ച തുക ചെലവഴിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-28 വയബിലിറ്റി ഗ്യാപ് ഫണ്ട് - പ്രോജക്ടിനായി പണം ചെലവഴിച്ചെങ്കിലും മാലിന്യ ശേഖരണവും നിർമ്മാർജ്ജനവും നടക്കുന്നില്ല

പ്രോജക്ട് നം. S031/19-
മാലിന്യ ശേഖരണത്തിനും നിർമ്മാർജ്ജനത്തിനുമായി നടപ്പാക്കിയ ഈ പ്രോജക്ടിനായി താഴെ കാണിച്ചിട്ടുള്ള രീതിയിൽ ചെലവ് വന്നിട്ടുണ്ട്.

| ക്രമ നം. | ബിൽ നം/ തീയതി | തുക | വിനിയോഗ വിവരം |
|---|---|---|---|
| 1 | 35/ 30-1-19 | 19512 | 24ഹരിതകർമ്മസേനാംഗങ്ങൾക്ക് 813/- രൂപ വീതം നൽകി |
| 2 | 38 /25-1-19 | 6600 | പ്രിന്റിംഗ് |
| 3 | 46/7-3-19 | 244260 | പോളിത്തീൻ ബാഗ് |
| 4 | 48/7-3-19 | 21000 | ലാബ് കോട്ട് |
| 5 | 65/22-3-19 | 68628 | ഹരിതകർമ്മസേനാംഗങ്ങൾക്ക് 37398, ചുവരെഴുത്ത് 23280, രജിസ്റ്റർ 7950 |
| | ആകെ | 360000 | |

ഇതോടൊപ്പം ഹരിത കർമ്മ സേനാംഗങ്ങൾക്ക് (15 പേർക്ക്) 30 രസീത് ബുക്കുകൾ വിതരണം ചെയ്തിട്ടുണ്ടെന്ന് ഫയലിൽ കാണുന്നു. രസീത് ബുക്കുകളുടെ വിവരങ്ങൾ, തുക കളക്ട് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ, പ്രോജക്ടിന്റെ തുടർ പ്രവർത്തനങ്ങൾ തുടങ്ങിയവ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം 11/06.03.2020 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും പ്ലാസ്റ്റിക് മാലിന്യം കളക്ട് ചെയ്യുന്നതിനും അത് ശരിയായ രീതിയിൽ സംസ്കരിക്കുന്നതിനുമുള്ള നടപടികൾ പഞ്ചായത്ത് ഏറ്റെടുത്തിരുന്നു എന്ന മറുപടിമാത്രമാണ് നൽകിയത്. പ്രോജക്ടിന്റെ പ്രവർത്തനം സംബന്ധിച്ച് വിശദീകരണം, രസീത് ബുക്കുകളുടെ രേഖകൾ തുടങ്ങിയവ നൽകാത്തതിനാൽ പ്രോജക്ടിനു വേണ്ടി ചെലവഴിച്ച 3,60,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 3-1 കൃഷി ഓഫീസർ നിർവ്വഹണം ചെയ്ത പ്രോജക്ടുകളിലെ അപാകതകൾ

**എ) ജാതിതൈ വിതരണം**

പ്രോജക്ട് നം - S0036/19

വികസന ഫണ്ട് - 35400

ഗുണഭോക്തൃവിഹിതം - 13600

ആകെ അടങ്കൽ - 49000

**ചെലവ്**

1) ബിൽ നം.4/18-19/4.2.19/തുക. 35400

2) ചെക്ക് നം.0024911/7.3.19/ തുക. 13600

RAIDCO യുടെ 10.1.19 ലെ ALPY/1188/18-19 നം. ഇൻവോയ്സ് പ്രകാരമുള്ള വാങ്ങലുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| Item | Qty | Rate | Amount | Gst% | Gst | Total |
|---|---|---|---|---|---|---|
| Organic manure | 1000kg | 12 | 12000 | 0 | 0 | 12000 |
| Pseudomonas powder 1kg packet | 200kg | 71.43 | 14286 | 5% | 714.3 | 15000.30 |
| Trichoderma powder 1kg packet | 200kg | 95.24 | 19048 | 5% | 952.4 | 20000.40 |
| Dolomite | 200kg | 9.52 | 1904 | 5% | 95.2 | 1999.20 |
| Total | | | | | | 49000 |

അപാകതകൾ

a) ജാതി തൈ വിതരണം എന്ന പേരിൽ പ്രോജക്ട് വെച്ച് റെയ്ഡ്കോയിൽ നിന്നും വളം വാങ്ങി വിതരണം ചെയ്തു.

b) ജില്ലാതല യൂണിറ്റ് കോസ്റ്റ് പ്രകാരം ഡോളമൈറ്റ് 1 കിലോഗ്രാമിന്റെ വില 8 രൂപയാണ്. എന്നാൽ 9.52 രൂപ നിരക്കിൽ 200കിലോഗ്രാം വാങ്ങി വിതരണം ചെയ്തു.

c) ഇത്രയും വളം ഏത് കൃഷിക്ക് വേണ്ടി നൽകി എന്നതിന്റെ രേഖകളില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, യൂണിറ്റ് കോസ്റ്റ് നിരക്കിൽ ഡോളമൈറ്റ് മറ്റ് സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകാഞ്ഞതിനാലാണ് റെയ്ഡ്കോയിൽ നിന്നും അധികനിരക്കിൽ വാങ്ങിയതെന്ന മറുപടി അംഗീകരിക്കുന്നില്ല. മറ്റ് സ്ഥാപനങ്ങളിൽ നിന്നും ഡോളമൈറ്റ് ലഭ്യമാകുന്ന വില രേഖാമൂലം ഹാജരാക്കിയിട്ടില്ല. ആയതിനാൽ യൂണിറ്റ് കോസ്റ്റിനേക്കാൾ അധികനിരക്കിൽ താഴെ ചേർക്കും പ്രകാരം ഡോളമൈറ്റ് വാങ്ങിയതിലൂടെ ഉണ്ടായ അധികചെലവ് 320രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

| Item | Qty | Rate | Amount | Gst% | Gst | Total | Excess |
|---|---|---|---|---|---|---|---|
| Dolomite | 200kg | 9.52 | 1904 | 5% | 95.2 | 1999.20 | |
| | 200kg | 8 | 1600 | 5% | 80 | 1680 | 320<br>(2000-1680) |

ബി) ഇടവിളകൃഷി

പ്രോജക്ട് നം - S0023/19

വികസന ഫണ്ട് - 125000

ഗുണഭോക്തൃവിഹിതം - 18750

ആകെ അടങ്കൽ - 143750

ചെലവ്

1) ബിൽ നം.8/18-19/11.3.19/ തുക. 69750

2) ചെക്ക് നം.0024911/7.3.19/ തുക. 18750

3) ബിൽ നം. 7/18-19/11.3.19/ തുക. 37500

4) ബിൽ നം. 6/18-19/11.3.19/ തുക. 15750

5) ബിൽ നം. 10/18-19/13.3.19/ തുക. 2000

ആകെ- 143750

| Sl.no | Institution/<br>Invoice no/date | Item | Qty | Rate | Amount |
|---|---|---|---|---|---|
| 1 | VFPCK<br>EKM/KBK/1057/4.2.19 | Nutmeg/Jathi bud | 300nos | 250 | 75000 |
| | | Peppertrailing- 2 cuttings | 750 | 18 | 13500 |
| Total | | | | | 88500 |
| 2 | RAIDCO<br>ALPY/1190/18-19/10.1.19 | Tuberkit | 150 | 250 | 37500 |
| 3 | RAIDCO<br>ALPY/1191/18-19/10.1.19 | Ginger & Turmeric seed kit | 150 | 105 | 15750 |

അപാകതകൾ

a) ജില്ലാതല യൂണിറ്റ് കോസ്റ്റ് പ്രകാരം ഇഞ്ചി, മഞ്ഞൾ എന്നിവയുടെ വില കിലോഗ്രാമിന് യഥാക്രമം 60, 35 എന്നിങ്ങനെയാണ്. എന്നാൽ ക്രമ നം. 3 പ്രകാരം, ഇഞ്ചി, മഞ്ഞൾ കിറ്റ് 105/- രൂപ പ്രകാരമാണ് വാങ്ങിയിട്ടുള്ളത്.

b) ഇടവിളകൃഷി എന്നതിലുൾപ്പെടുത്തി 75000 രൂപയ്ക്ക് ജാതി തൈ വാങ്ങി വിതരണം ചെയ്തു.

ഇഞ്ചി, മഞ്ഞൾ എന്നിവയുടെ വില കിലോഗ്രാമിന് യൂണിറ്റ് കോസ്റ്റായ 95 നേക്കാൾ അധികമായി 105/- രൂപ ചെലവഴിച്ച് താഴെ ചേർക്കും പ്രകാരം വാങ്ങിയതിലൂടെ ഉണ്ടായ അധിക ചെലവ് 1500/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

| Item | Qty | Rate | Amount | Excess |
|---|---|---|---|---|
| Ginger & Turmeric seed kit | 150 | 105 | 15750 | |
| | 150 | 95 | 14250 | 1500<br>(15750-14250) |

സി) പച്ചക്കറികൃഷി

പ്രോജക്ട് നം - S0037/19

വികസന ഫണ്ട് - 189600

ഗുണഭോക്തൃവിഹിതം - 37200

ബ്ളോക്ക് പഞ്ചായത്ത് വിഹിതം - 85000

ആകെ അടങ്കൽ - 311800

**ചെലവ്**

1) ബിൽ നം.5/18-19/11.3.19/ തുക. 104600

2) ചെക്ക് നം.0024911/7.3.19/ തുക. 37200

3) ചെക്ക് നം.8884742/7.3.19/ തുക. 85000

4) ബിൽ നം. 11/18-19/14.3.19/ തുക. 85000

ആകെ- 311800

ഇതിൽ 1,41,806/- രൂപ പച്ചക്കറി വിത്ത്, വളം എന്നിവയുടെ വിലയായി റയ്ഡ്കോയ്ക്ക് നൽകിയതാണ്.
RAIDCO യുടെ 10.1.19 ലെ ALPY/1192/18-19 നം. ഇൻവോയ്സ് പ്രകാരമുള്ള വാങ്ങലുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| Item | Qty | Rate | Amount | Gst% | Gst | Total |
|---|---|---|---|---|---|---|
| Veg.seed kit | 200nos | 50 | 10000 | 0 | 0 | 10000 |
| Groundnut cake | 400kg | 40 | 16000 | 5% | 800 | 16800 |
| Pseudomonas powder 1kg packet | 400kg | 71.43 | 28572 | 5% | 1428.6 | 30000.60 |
| Trichoderma powder 1kg packet | 400kg | 95.24 | 38096 | 5% | 1904.8 | 40000.80 |
| Organic manure | 1000kg | 9 | 9000 | 0 | 0 | 9000 |
| Neem cake | 1000kg | 24.76 | 24760 | 5% | 1238 | 25998 |
| Dolomite | 1000kg | 9.53 | 9530 | 5% | 476.5 | 10006.50 |
| Total | | | | | | 141805.90 |

അപാകതകൾ

a) ജില്ലാതല യൂണിറ്റ് കോസ്റ്റ് പ്രകാരം ഡോളമൈറ്റ് 1 കിലോഗ്രാമിന്റെ വില 8 രൂപയാണ്. എന്നാൽ 9.53 രൂപ

നിരക്കിൽ 1000കിലോഗ്രാം വാങ്ങി വിതരണം ചെയ്തു.

b) ഇത്രയും വളം ഏത് കൃഷിക്ക് വേണ്ടി നൽകി എന്നതിന്റെ രേഖകളില്ല.

യൂണിറ്റ് കോസ്റ്റിനേക്കാൾ അധികനിരക്കിൽ താഴെ ചേർക്കും പ്രകാരം ഡോളമൈറ്റ് വാങ്ങിയതിലൂടെ ഉണ്ടായ അധികചെലവ് 1607/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

| Item | Qty | Rate | Amount | Gst% | Gst | Total | Excess |
|---|---|---|---|---|---|---|---|
| Dolomite | 1000kg | 9.53 | 9530 | 5% | 476.5 | 10006.50 | |
| | 1000kg | 8 | 8000 | 5% | 400 | 8400 | 1607<br>(10007-8400) |

ഡി) വാഴകൃഷി

പ്രോജക്ട് നം - S0024/19

വികസന ഫണ്ട് - 107000

ഗുണഭോക്തൃവിഹിതം - 29000

ആകെ അടങ്കൽ - 136000

**ചെലവ്**

1) ബിൽ നം.3/18-19/11.3.19/ തുക. 107000

2) ചെക്ക് നം.0024911/7.3.19/ തുക. 29000
ആകെ- 136000

RAIDCO യുടെ 10.1.19 ലെ ALPY/1189/18-19 നം. ഇൻവോയ്സ് പ്രകാരമുള്ള വാങ്ങലുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| Item | Qty | Rate | Amount | Gst% | Gst | Total |
|---|---|---|---|---|---|---|
| Banana sucker | 2000nos | 13 | 26000 | 0 | 0 | 26000 |
| Neem cake | 2000kg | 24.76 | 49520 | 5% | 2476 | 51996 |
| Organic manure | 4000kg | 12 | 48000 | 0 | 0 | 48000 |
| Dolomite | 1000kg | 9.53 | 9530 | 5% | 476.5 | 10006.50 |
| Total | | | | | | 136002.50 |

അപാകതകൾ

a) ജില്ലാതല യൂണിറ്റ് കോസ്റ്റ് പ്രകാരം ഡോളമൈറ്റ് 1 കിലോഗ്രാമിന്റെ വില 8 രൂപയാണ്. എന്നാൽ 9.53 രൂപ നിരക്കിൽ 1000കിലോഗ്രാം വാങ്ങി വിതരണം ചെയ്തു.

യൂണിറ്റ് കോസ്റ്റിനേക്കാൾ അധികനിരക്കിൽ താഴെ ചേർക്കും പ്രകാരം ഡോളമൈറ്റ് വാങ്ങിയതിലൂടെ ഉണ്ടായ അധികചെലവ് 1607/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

| Item | Qty | Rate | Amount | Gst% | Gst | Total | Excess |
|---|---|---|---|---|---|---|---|
| Dolomite | 1000kg | 9.53 | 9530 | 5% | 476.5 | 10006.50 | |
| | 1000kg | 8 | 8000 | 5% | 400 | 8400 | 1607<br>(10007-8400) |

ഇ) തെങ്ങിന് ജൈവവളം

പ്രോജക്ട് നം - S0035/19

വികസന ഫണ്ട് - 178495

ഗുണഭോക്തൃവിഹിതം - 84000

ആകെ അടങ്കൽ - 262495

<u>ചെലവ്</u>

1) ബിൽ നം.9/18-19/11.3.19/ തുക. 178495

2) ചെക്ക് നം.0024911/7.3.19/ തുക. <u>84000</u>
ആകെ – <u>262495</u>

RAIDCO യുടെ 10.1.19 ലെ ALPY/1187/18-19 നം. ഇൻവോയ്സ് പ്രകാരമുള്ള വാങ്ങലുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| Item | Qty | Rate | Amount | Gst% | Gst | Total |
|---|---|---|---|---|---|---|
| Neem cake | 7500kg | 24.76 | 185700 | 5% | 9285 | 194985 |
| Bone meal | 1500kg | 35 | 52500 | 0 | 0 | 52500 |
| Dolomite | 1500kg | 9.53 | 14295 | 5% | 714.76 | 15009.75 |
| Total | | | | | | 262494.75 |

<u>അപാകതകൾ</u>

ജില്ലാതല യൂണിറ്റ് കോസ്റ്റ് പ്രകാരം ഡോളമൈറ്റ് 1 കിലോഗ്രാമിന്റെ വില 8 രൂപയാണ്. എന്നാൽ 9.53 രൂപ നിരക്കിൽ 1500കിലോഗ്രാം വാങ്ങി വിതരണം ചെയ്തു.

യൂണിറ്റ് കോസ്റ്റിനേക്കാൾ അധികനിരക്കിൽ താഴെ ചേർക്കും പ്രകാരം ഡോളമൈറ്റ് വാങ്ങിയതിലൂടെ ഉണ്ടായ അധികചെലവ് 2410/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

| Item | Qty | Rate | Amount | Gst% | Gst | Total | Excess |
|---|---|---|---|---|---|---|---|
| Dolomite | 1500kg | 9.53 | 14295 | 5% | 714.76 | 15009.76 | |
| | 1500kg | 8 | 12000 | 5% | 600 | 12600 | 2410<br>(15010-12600) |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/07.03.2020) യൂണിറ്റ് കോസ്റ്റിൽ ഡോളമൈറ്റ് തരുന്നതിന് നിലവിൽ സ്ഥാപനങ്ങൾ തയ്യാറാകാത്ത സാഹചര്യത്തിലാണ് കൂടുതൽ വിലയ്ക്ക് ഡോളമൈറ്റ് എടുത്തത് എന്ന് മറുപടി ലഭ്യമാക്കി. ഇത് അംഗീകരിക്കാവുന്നതല്ല.

## 3-2 കണ്ണോത്ത് മൂതാറ്റ് റോഡ് ടാറിംഗ്-യഥാസമയം കരാറിൽ ഏർപ്പെട്ടില്ല

**2012-ലെ പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009 (6) പ്രകാരം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാറിൽ ഏർപ്പെടാത്ത കരാറുകാരിൽ നിന്നും കരാർ തുകയുടെ 1% (മിനിമം - 1000/-, മാക്സിമം -25000/-) പിഴയായി ഈടാക്കേണ്ടതാണ്. എന്നാൽ പൊതു മരാമത്ത് മാന്വലിലെ മേൽ വ്യവസ്ഥ പാലിക്കാതെ താഴെ കൊടുത്തിട്ടുള്ള പ്രോജക്ടിൽ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയതായി കാണുന്നില്ല.**

| ക്രമനം | പ്രവൃത്തിയുടെ വിശദാംശം | സെലക്ഷൻ നോട്ടീസ് തീയതി | കരാറുകാരൻ/കരാർ നം./ തീയതി | കരാർ തുക | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|
| 1 | കണ്ണോത്ത് മൂതാറ്റ് റോഡ് ടാറിംഗ് പ്രോജക്ട് നം. 113/19<br>അടങ്കൽ തുക-2,30,000/- (തനതുഫണ്ട്-30,000/-)<br>മെയിന്റനൻസ് ഫണ്ട്- | 21.8.18 | അക്ഷയ് ലാൽ.എം.<br>304/AE/LSGD/TSY/18-19 തീയതി-25.10.18 | 2,30,000/- | 2,300/- |

| | | | | | | |
|---|---|---|---|---|---|---|
| | 2,00,000/-<br>പ്രവൃത്തി മൂല്യം- 2,27,300/-<br>MB-75/17-11/18<br>ബിൽ നം. 14/18-19/11.2.19 .197727/-) | | | | | |

കരാർ ചമയ്ക്കുന്നതിനുണ്ടായ കാലതാമസത്തിന് പിഴ ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം അറിയിക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/07.03.2020) മറുപടി നല്കിയില്ല. പിഴയിനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക 2300/- കരാറുകാരനിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ |
|---|---|---|
| 2018-2019 | 27.06.2019 | കെ.എസ്.എ-എ.എൽ.പി/പി9-520/19 |

**4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം**

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 595590 | ലൈഫ് ഭവനം | 556200 | 39390 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 85680 | നെൽക്കൃഷിക്ക് വിത്തും കൂലിയും | 85680 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 325000 | ശാരീര വെല്ലുവിളി നേരിടുന്ന സ്കോളർഷിപ്പ് | 325000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | സാന്ത്വന പരിചരണം | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 350000 | പാലിന് സബ്സിഡി | 350000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 85000 | പച്ചക്കറി കൃഷി | 85000 | 0 |
| ജില്ലാപഞ്ചായത്ത് | 2018-19 | 2622535 | ലൈഫ് ഭവനം | 1855810 | 766725 |
| ജില്ലാപഞ്ചായത്ത് | 2018-19 | 321300 | ശാരീരിക വെല്ലുവിളി നേരിടുന്ന സ്കോളർഷിപ്പ് | 321300 | 0 |
| ജില്ലാപഞ്ചായത്ത് | 2018-19 | 100000 | അങ്കണവാടി പോഷകാഹാരം | 100000 | 0 |

**4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ**

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 218011311 തീയതി 01/01/2019 | 474113 | - | 474113 |

**4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ**

ഇല്ല.

**4-5 വായ്പ/വായ്പാതിരിച്ചടവ്**

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 26891128/-രൂപ വരവുണ്ട്. മുൻബാക്കി 1896150/-രൂപയടക്കം 28787278/-രൂപയിൽ 1297389/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS – LOAN | സ.ഉ. നം.747/10 /ത.സ്വ.ഭ.വ. 5.3.10 | 5177500 | 1896150 | 1297389 | 0 | 598761 |
| HUDCO LIFE | | 26891128 | | | | 26891128 |
| ആകെ | | 32068628 | 1896150 | 1297389 | | 27489889 |

.
.

**4-6 സ്ഥിര നിക്ഷേപം**

ഇല്ല

**4-7 ഓഡിറ്റ് റിക്കവറി**

ഈയിനത്തിൽ തൻവർഷം ലഭിച്ച 2446/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| | | 2146 | സാന്ദ്ര | 118010100742,18-06-2018 |
| 2014-15 | 2-1 | 300 | ടി.കെ.മുഹമ്മദ് സലി | 118010101765,13-12-2018 |
| ആകെ | | 2446 | | |

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളില്ല.

**4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം**

**ഇല്ല**

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 101763747 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 95716350 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 9744 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 875385 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 3-1 | | 7444 | ശ്രീമതി.ഇന്ദു.കെ.പോൾ, കൃഷി ഓഫീസർ |
| 3-2 | | 2300 | ശ്രീമതി.നിഷ.എം.ബി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 9744 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 41272 | ശ്രീമതി.ഉഷാ.ബി.നായർ,<br>ഹെഡ്മിസ്ട്രസ്,<br>ജി.യു.പി.എസ്. തൈക്കാട്ടുശ്ശേരി |
| 1-21 | 474113 | ശ്രീ.പി.ആർ.സജി, സെക്രട്ടറി |
| 1-28 | 360000 | ശ്രീ.പി.ആർ.സജി, സെക്രട്ടറി |
| ആകെ | 875385 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി.ആർ.സജി,സെക്രട്ടറി | സെക്രട്ടറി,<br>ഗ്രാമ പഞ്ചായത്ത് ഓഫീസ്,<br>തൈക്കാട്ടുശ്ശേരി പി.ഓ. | സിന്ധു നിവാസ്,സി.എം സി 14,ചേർത്തല |
| ഇന്ദു.കെ.പോൾ, | കൃഷി ഓഫീസർ, | തെക്കേക്കര 5, |

| | | |
|---|---|---|
| കൃഷി ഓഫീസർ | തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത് | ക്രോസസ് റോഡ്, കടവന്ത്ര, കൊച്ചി |
| ശ്രീമതി.നിഷ.എം.ബി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത് | വാത്തിക്കാട്ട്, പെരുമ്പളം, ചേർത്തല |
| ശ്രീമതി.ഉഷാ.ബി.നായർ, ഹെഡ്മിസ്ട്രസ്, ജി.യു.പി.എസ്.തൈക്കാട്ടുശ്ശേരി | ഹെഡ്മിസ്ട്രസ്, ഗവ.യു.പി.എസ്.തൈക്കാട്ടുശ്ശേരി | ശിവകൃപ, പള്ളിപ്പുറം.പി.ഒ, ചേർത്തല |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ**

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1998-99 | ചെലവ് - എൽ.എഫ്.ജി.എ5-1832/11, തീയതി – 19.01.2012 |
| 1999-2000 | എൽ.എഫ്.ജി.എ5-1832/11, തീയതി - 19.01.2012 |
| 2001-2002 | എൽ.എഫ്.ജി.എ5-1832/11, തീയതി – 19.01.2012 |
| 2002-2003 | എൽ.എഫ്.ജി.എ5-1832/11, തീയതി – 19.01.2012 |
| 2003-2004 | എൽ.എഫ്.ജി.എ5-1832/11, തീയതി – 19.01.2012 |
| 2004-2005 | എൽ.എഫ്.ജി.എ5-1832/11, തീയതി – 19.01.2012 |
| 2005-2006 | എൽ.എഫ്.ജി.എ5-1832/11, തീയതി – 19.01.2012 |
| 2006-2007 | എൽ.എഫ്.ജി.എ5-1577/14, തീയതി – 08.05.2014 |
| 2007-2008 | എൽ.എഫ്.ജി.എ5-1577/14, തീയതി – 12.05.2014 |
| 2008-2009 | എൽ.എഫ്.ജി.എ5-1577/14, തീയതി – 08.05.2014 |
| 2009-2010 | എൽ.എഫ്.ജി.എ5-1577/14, തീയതി – 12.05.2014 |
| 2010-2011, 2011-2012 | എൽ.എഫ്.എ.പി9-709/13, തീയതി – 17.12.2014/14.03.2014 |
| 2012-2013 | എൽ.എഫ്.എ.പി9-20/15, തീയതി – 12.02.2015/17.03.2015 |
| 2013-2014 | എൽ.എഫ്.എ.പി9-1621/15, തീയതി – 17.12.2015/28.01.2016 |
| 2014-2015 | കെ.എസ്.എ-എൽ.പി-പി9/841/16, തീയതി – 30.07.2016/05.08.2016 |
| 2015-2016 | കെ.എസ്.എ-എൽ.പി-പി9/1563/16, തീയതി – 13.01.2017 |
| 2016-2017 | കെ.എസ്.എ-എൽ.പി-പി9/1063/17, തീയതി – 08.08.2017 |
| 2017-2018 | കെ.എസ്.എ-എൽ.പി-പി9.524/19/11.6.19 |

.
.
.
.
.
.
.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**അനുബന്ധം-1**

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

**അനുബന്ധം-2**

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ